# ജി.എൽ.പി.എസ്. മങ്കട

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

Poster Maker

## ജി. എൽ. പി. എസ്, മങ്കട

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി. എൽ. പി. എസ്, മങ്കട |
| വിലാസം | : ജി. എൽ. പി. സ്കൂൾ, മങ്കട |
| | : (പി. ഒ) മങ്കട - 679324 |
| സ്കൂൾ കോഡ് | : 18618 |
| വിദ്യാഭ്യാസ ജില്ല | : മലപ്പുറം |
| റവന്യൂ ജില്ല | : മലപ്പുറം |
| ഉപജില്ല | : മങ്കട |
| ബി. ആർ. സി | : മങ്കട |
| സി. ആർ. സി | : മങ്കട |
| ഗ്രാമപഞ്ചായത്ത് | : മങ്കട |
| ബ്ലോക്ക് പഞ്ചായത്ത് | : മങ്കട |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| നിയമസഭാ മണ്ഡലം | : മങ്കട |
| ലോകസഭാ മണ്ഡലം | : മലപ്പുറം |
| താലൂക്ക് | : പെരിന്തൽമണ്ണ |
| വില്ലേജ് | : മങ്കട |
| ഇ.മെയിൽ | : glpsmankada@gmail.com |
| വെബ്സൈറ്റ് | : |

# ആമുഖം

മങ്കട സബ് ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളിലൊന്നാണ് 110 വർഷം പഴക്കമുള്ള മങ്കട ജി. എൽ. പി സ്കൂൾ. മങ്കട പഞ്ചായത്തിൽ മങ്കടയുടെ ഹൃദയ ഭാഗത്ത് 12-ാം വാർഡിലാണ് ഈ വിദ്യാലയം. കടന്നമണ്ണ മുതൽ അരിപ്ര വരെയും കുഴാപറമ്പ മുതൽ പുളിക്കൽപറമ്പ വരെയുള്ള വിദ്യാർത്ഥികൾ പ്രാഥമിക വിദ്യാഭ്യാസം നേടുന്നത് ഈ വിദ്യാലയത്തിലാണ്.

വള്ളുവനാട് രാജവംശത്തിന്റെ ഭരണ തലസ്ഥാനമായിരുന്ന മങ്കട കോവിലകവും കിഴക്കേപ്പാട്ട് കുടുംബവും സർക്കാറിലേക്ക് സൗജന്യമായി നൽകിയ 43 സെന്റ് സ്ഥലത്താണ് ഈ വിദ്യാലയം 1907 ൽ സ്ഥാപിതമായത്. കോവിലക കുടുംബാംഗങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനാരംഭിച്ച 'ശാസ്ത്രികളുടെ മഠം' പിൻക്കാലത്ത് മങ്കട സ്കൂൾ ആവുകയായിരുന്നു. 'മലബാർ മോഖല' എന്നറിയപ്പെട്ടിരുന്ന മങ്കട കോവിലകത്തെ ശ്രീ റാവു ബഹദൂർ, എം. സി. കൃഷ്ണവർമ്മ രാജയുടെ നേതൃത്വത്തിൽ രൂപം കൊണ്ട 'മങ്കട എഡ്യൂക്കേഷണൽ ലീഗ്' ആണ് ഈ വിദ്യാലയത്തിന് തുടക്കമിട്ടത്. മലബാർ കലക്ടർ ടോട്ടൻ ഹാംസായിവിന്റെ പേരിലും ഈ വിദ്യാലയം അറിയപ്പെട്ടു. 1906 ൽ മിസ്സിസ്സ് ഹിൽ ഈ സ്ഥാപനത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. പിൻകാലത്ത് മലബാർ ഡിസ്കെട് ബോർഡ് ഈ വിദ്യാലയം ഏറ്റെടുത്തു. ബോർഡ് പ്രസിഡന്റായിരുന്ന ശ്രീ. പി. ടി ഭാസ്കര പണിക്കരുടെ ശ്രമഫലമായി 1957 ൽ ഹൈസ്കൂളായി ഉയർത്തി. 1961 ൽ ഭരണസൗകര്യാർത്ഥം എൽ. പി വിഭാഗവും ഹൈസ്കൂൾ വിഭാഗവും വേർതിരിഞ്ഞു. 1986 ൽ എൽ. പി സ്കൂളിന്റെ പുതിയ കെട്ടിടം അന്നത്തെ മുഖ്യമന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദ് കോയ ഉദ്ഘാടനം ചെയ്തു. 1960 കളിൽ പട്ടിക്കാട്, അങ്ങാടിപ്പുറം, പുഴക്കാട്ടിരി, കടുങ്ങാപുരം, വടക്കാങ്ങര എന്നിവടങ്ങളിൽ നിന്നെല്ലാം കാൽ നടയായി ധാരാളം വിദ്യാർത്ഥികൾ ഈ വിദ്യാലത്തിലേക്ക് വന്നിരുന്നു. ആയിരകണക്കിന് പ്രൊഫഷനലുകളെയും ബിസിനസുകാരെയും കലാ കായിക നിയമ രാഷ്ട്രീയ മേഖലകളിലെയും അനേകം വ്യക്തിത്വത്ത സംഭാവന ചെയ്യാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട് 1957 മുതൽ 2018 വരെയുള്ള കാലഘട്ടങ്ങളിൽ സർവ്വ ശ്രീ. പി. അഹമ്മദ് കുട്ടി മാസ്റ്റർ, കെ കദിയക്കുട്ടി ടീച്ചർ, എം.കുഞ്ഞഹമ്മദ് മാസ്റ്റർ, കെ. രാമൻ നായർ, പി. രുഗ്മിണി അമ്മ, പി. സരോജിനി ടീച്ചർ, കെ.രാമചന്ദ്രൻ മാസ്റ്റർ, ആർ. അയ്യപ്പൻ മാസ്റ്റർ, ടി. എം. വാസുദേവൻ നായർ, പി. വിനുയൻ മാസ്റ്റർ, കെ. എം. രമ ടീച്ചർ, ടി. കെ. ബാലാമണി ടീച്ചർ എന്നിവരായിരുന്നു മങ്കട ജി. എൽ. പി സ്കൂളിലെ പ്രധാനാധ്യാപകർ. 1998

ഒന്നു മുതൽ നാലു വരെ എട്ടു ക്ലാസുകളിലായി (രണ്ടു ഡിവിഷൻ വീതം) പ്രവർത്തിച്ചു വരുന്ന നമ്മുടെ സ്കൂളിൽ കുട്ടികളുടെ പഠന നിലവാരം മൂല്യനിർണയ രേഖകളിൽ നിന്ന് വ്യക്തമാണ്.

അമ്പതു ശതമാനത്തിലധികം ഉന്നത നിലവാരത്തെ സൂചിപ്പിക്കുന്ന എ ഗ്രേഡ് നേടിയവരാണ്. 40% ത്തോളം കുട്ടികൾ മികച്ച നിലവാരമുള്ള ബി, സി ഗ്രേഡുകൾ നേടിയിട്ടുണ്ട്. എഴുത്തും വായനയും വളരെ പ്രയാസകരമായിട്ടുള്ളവർ പത്തു ശതമാനത്തോളം വരുന്നു. അവർക്കു വേണ്ടി ശ്രദ്ധ, മലയാളത്തിളക്കം തുടങ്ങിയ പഠന പ്രവർത്തനങ്ങൾ നൽകിവരുന്നു.

CS Scanned with CamScanner

## വിദ്യാലയം : മികവിന്റെ കേന്ദ്രം

- സാമൂഹിക ബന്ധങ്ങൾ വളർത്തുന്ന രീതിയിലുള്ള പാഠാനുബന്ധ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.
- വൈവിധ്യമാർന്ന കഴിവുകൾ താൽപര്യങ്ങൾക്കനുസരിച്ച് പാഠാനുബന്ധ പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാൻ വരും തലമുറയെ പ്രാപ്തരാക്കുക.
- മനുഷ്യത്വപരമായ സമീപനം, ശുചിത്വം, ഐക്യം, ദിനാനുകമ്പ, പരജീവി സ്നേഹം, തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ രൂപപ്പെടുത്തുക.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണന പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
- വിദ്യാലയ പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുക.

| മികവു പ്രവർത്തനങ്ങൾ |
| --- |
| വായനയിടം |
| ഗ്രന്ഥവീഥിയിലൂടെ |
| രചന ശിൽപ്പശാല |
| വായന ശാക്തീകരണം. |
| വിജയസ്പർശം |
| കുഞ്ഞറിവ് |
| [illegible] ശാസ്ത്ര ശില്പശാല |
| പ്രവൃത്തി പരിചയ ശില്പശാല |
| ഗണിതം - വിസ്മയം |
| ഗണിത ലാബ് - IT ലാബ്. |
| ഗണിത പാർക്ക് |
| ശാസ്ത്ര വിസ്മയം |
| ഫീൽഡ് ട്രിപ്പ് |
| ജൈവ വൈവിധ്യോദ്യാനം |
| പരീക്ഷണ മേള |
| സർഗവേള |
| കുട്ടിക്കൊരു മാസിക |
| ആരോഗ്യ കാർഡ് |

ദിനാചരണങ്ങൾ

രക്ഷിതാക്കളുടെയും പൊതുസമൂഹത്തി-
ന്റെയും സക്രിയമായ ഇടപെടലുകളിലൂടെ
വിദ്യാലയത്തിന്റെ ഗുണനിലവാരം
ഉറപ്പ് വരുത്തുന്നു.

അമ്മമാർ
രക്ഷിതാക്കൾ
ക്ലബ്ബുകൾ
കൂട്ടായ്മകൾ
പൂർവ്വ വിദ്യാർത്ഥികൾ

PTA, SMC, SWC, പൊതുപ്രവർ-
ത്തകർ, ആരോഗ്യപ്രവർത്തകർ
എന്നിവരെയെല്ലാം ഉൾപ്പെടുത്തിയുള്ള
കൂട്ടായ്മ രൂപപ്പെടുത്തുന്നു.

CS Scanned with CamScanner

മേഖല : സാമൂഹികം

ഉപമേഖല

രക്ഷിതാക്കളുടെയും പൂർവവിദ്യാർത്ഥികളുടെയും ശാക്തീകരണം.

ക്ലാസുകൾ, മികവു പ്രദർശനങ്ങൾ, പ്രത്യേക പരിശീലനങ്ങൾ എന്നിവയ്ക്ക് അതതു മേഖലയിലെ പ്രഗത്ഭരെ പ്രയോജനപ്പെടുത്തുന്നു.

കാർഷിക സംസ്കാരം വളർത്തുന്നതിനായി പച്ചക്കറി ഉല്പാദനം തുടങ്ങിയ പ്രവർത്തനങ്ങളിൽ കർഷക കൂട്ടായ്മകളെ പങ്കാളികളാക്കുന്നു. അവരുമായി കുട്ടികൾക്ക് സംവാദത്തിനവസരമൊരുക്കുന്നു.

ദിനാചരണങ്ങൾ, സംഗീതം, നൃത്തം, കലകൾ എന്നിവയിൽ പരിശീലനത്തിനും ക്ലാസുകൾക്കും അതതു മേഖലകളിൽ പ്രവർത്തിക്കുന്ന പൂർവ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നു.

## മേഖല ഭൗതികം

ലക്ഷ്യം: സ്കൂൾ കാമ്പസ് പ്ലാസ്റ്റിക്-ലഹരി മുക്തമാക്കി സൂക്ഷിക്കുക.

കുട്ടികളുടെ കായികാരോഗ്യം വികസിപ്പിക്കുക.

കാമ്പസ് ഒരു പാഠപുസ്തകമാക്കുക.

ഉച്ചഭക്ഷണപ്പുരയും ഊട്ടുപുരയും അടുത്തടുത്താക്കുക.

മഴമറ പച്ചക്കറി കൃഷി വിപുലീകരിക്കുക.

ജൈവ വൈവിധ്യ ഉദ്യാനം നവീകരിക്കുക.

ഡൈനിംഗ് സൗകര്യം മെച്ചപ്പെടുത്തുക

കുടിവെള്ളം എല്ലാ സമയങ്ങളിലും ലഭ്യമാക്കുക.

ജൂൺ. 2025

| | പ്രവർത്തനം | വിശദീകരണം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 2 | പ്രവേശനോത്സവം<br><br>SRG യോഗം. | നവാഗതർക്ക് സ്വീകരണം<br>LSS വിജയികളെ ആദരിക്കൽ<br>മധുര വിതരണം<br>കുട്ടികൾക്കും രക്ഷിതാക്കൾക്കും<br>ലഹരിക്കെതിരെയും സൈബർ കുറ്റ-<br>കൃത്യങ്ങൾക്കെതിരെയുമുള്ള ബോധവൽക്കരണ<br>ക്ലാസ്- നയിക്കുന്നത് CI അഷ്റഫ് S.<br>കലാ പരിപാടികൾ -<br>മുഖ്യ - അധ്യാപകൻ. | PTA,<br>MTA,<br>SMC, SMC | |
| 5 | പരിസ്ഥിതിദിനം. | പ്രത്യേക അസംബ്ലി. നൃത്താവിഷ്കാരം.<br>മഹദ്വചനങ്ങൾ – പ്രത്യേക പ്രതിജ്ഞ<br>പരിസ്ഥിതി ദിന ക്വിസ്.<br>ജൈവ വൈവിധ്യ പാർക്ക് സന്ദർശനം<br>പരിസ്ഥിതി ഗാനാലാപനം. | PTA,<br>MTA. | |

| | | | | |
|---|---|---|---|---|
| | ബലി പെരുന്നാൾ ആഘോഷം. | സമൂഹ ഒപ്പന.<br>പെരുന്നാൾ സന്ദേശം നൽകൽ<br>മാപ്പിളപ്പാട്ടാലാപനം<br>പെരുന്നാൾ പാട്ടുവരികൾ. | PTA. | |
| 19 | വായന ദിനം. | വായനവാരം- ഉദ്ഘാടനം- പ്രതിജ്ഞ<br>കൂടുതൽ പുസ്തകങ്ങൾ വായിച്ച<br>കുട്ടിയെ ആദരിക്കൽ<br>വായനാനുഭവങ്ങൾ പങ്കിടൽ<br>പുസ്തക പരിചയം, [illegible]<br>അവതരണം, മഹദ്‌വചനങ്ങൾ<br>ചുവർ പത്രം | വിദ്യാരംഗം കൺവീനർ<br>PTA | |
| 20 | PTA. Ex. യോഗം. | ജനറൽ ബോഡി വിളിച്ചു- ആസൂത്രണം. | | |
| 20 | വായനവാരം രണ്ടാം ദിവസം. | പുസ്തക പ്രദർശനം<br>വാർത്താവതരണം. | വിദ്യാരംഗം കൺവീനർ,<br>PTA. | |

ജൂലൈ 2025.

| | | | | |
|---|---|---|---|---|
| 5 | ബഷീർ ദിനം | ബഷീർ കൃതി പരിചയപ്പെടുത്തൽ<br>കഥാപാത്രാവതരണം.<br>ഗാനാലാപനം. | H.M.<br>Class Teacher. | |
| 11 | സ്കൂൾ ലീഡർ<br>തിരഞ്ഞെടുപ്പ്<br>ജനസംഖ്യാദിനം. | | | |
| 21 | ചാന്ദ്രദിനം. | 'ചാന്ദ്രമനുഷ്യനുമായി നേർക്കു<br>നേർ- റോക്കറ്റ് നിർമ്മാണം.<br>ചാന്ദ്രയാത്ര- ഗാനാലാപനം.<br>പ്രസംഗം- ക്വിസ്- പോസ്റ്റർ<br>പ്രദർശനം. പതിപ്പ് നിർമ്മാ-<br>ണം, കവിത രചന<br>കടംകഥ പയറ്റ്. | H.M.<br>PTA<br>Class Teacher | |

| | | | | |
|---|---|---|---|---|
| 26 | ലോക ലഹരി വിരുദ്ധ ദിനം. | പങ്കുവെക്കൽ. പ്രസംഗം. ഗാനാവതരണം. പോസ്റ്റർ പ്രദർശനം. | | |
| | വിദ്യാരംഗം. ക്ലബ് ഉദ്ഘാടനവും സാഹിത്യശില്പശാലയും. | | | |
| | വിജയസ്പർശം പ്രീ-ടെസ്റ്റ്. | | | |

ഓഗസ്റ്റ് 2025

| | | | | |
|---|---|---|---|---|
| | | | | |
| 06 | ഹിരോഷിമ ദിനം | യുദ്ധ വിരുദ്ധ മനോഭാവം വളർത്തുന്ന കവിതാവതരണം പ്രസംഗം - സഡാക്കോ നിർമ്മാണം | | |
| 09 | നാഗസാക്കിദിനം ക്വിറ്റ് ഇന്ത്യദിനം | പോസ്റ്റർ നിർമ്മാണം. സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടുത്തൽ | | |
| 15 | സ്വാതന്ത്ര്യദിനം | ക്വിസ്. സംഗീത ശില്പം പ്രച്ഛന്ന വേഷം പതാക നിർമ്മാണം. | | |

| | | | | |
|---|---|---|---|---|
| | | ദേശഭക്തിഗാനാലാപനം.<br>ബിഗ്ബുക്ക് പ്രദർശനം.<br>സ്വാതന്ത്ര്യസമരചരിത്രം- പത്രത്താ-<br>പ്രദർശനം. | | |
| 17 | കർഷകദിനം. | ഫീൽഡ് ട്രിപ്പ്<br>'കർഷകനുമൊത്ത്' - അഭിമുഖം. | | |
| | ശാസ്ത്ര- പരീക്ഷണ<br>ശില്പശാല. | | | |
| 29 | ദേശീയ കായികദിനം. | | | |

സെപ്തംബർ.

| | | | | |
|---|---|---|---|---|
| 2 | ലോക കേരദിനം<br>ഓണാഘോഷം | | | |
| 5 | അദ്ധ്യാപകദിനം | പ്രത്യേക അസംബ്ലി. | | |
| 16 | ഓസോൺ ദിനം | പ്രകൃതിസംരക്ഷണവും ഓസോൺ പാളിയും - പ്രസംഗം. | | |
| | | | | |

ഒക്ടോബർ 2025

| | | | | |
|---|---|---|---|---|
| 02 | ഗാന്ധിജയന്തി | ഗാന്ധിജി- ആത്മകഥ പരിചയപ്പെടുത്തൽ- പുസ്തക പ്രദർശനം. പ്രസംഗം- ഗാന്ധിവര മത്സരം ഗാന്ധി ക്വിസ്. | | |
| 16 | ലോകഭക്ഷ്യദിനം. | വീഡിയോ പ്രദർശനം ബോധവൽക്കരണം. | | |

# നവംബർ 2025

| | | | | |
|---|---|---|---|---|
| 1 | കേരളപ്പിറവി ദിനം | ഭാഷാപ്രതിജ്ഞ.<br>കേരളീയ വേഷങ്ങൾ - ഫാഷൻഷോ<br>ദേശഭക്തിഗാനാലാപനം.<br>നൃത്താവിഷ്കാരം.<br>കലകളും കവികളും - പ്രദർശനം. | PTA<br>SMC<br>Class Teachers. | |
| 12 | പക്ഷിനിരീക്ഷണ ദിനം. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്റ്റ് അവതരണം.<br>'പരിസരത്തെ പക്ഷികൾ' നിരീക്ഷണക്കുറിപ്പ് പ്രദർശനം. | സയൻസ് ക്ലബ്.<br>പരിസ്ഥിതി ക്ലബ്. | |

## ഡിസംബർ 2025.

| | | | | |
|---|---|---|---|---|
| 3 | ലോകഭിന്നശേഷി ദിനം | പ്രത്യേക അസംബ്ലി. കലാപ്രകടനങ്ങൾ. സമ്മാന വിതരണം. | IEDC Teacher, Class Teacher | |
| 5 | മണ്ണുദിനം. | പ്രസംഗം- മൺരൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | | |
| 10 | മനുഷ്യാവകാശ ദിനം. | | | |
| 18 | അറബിഭാഷാ ദിനം. | പ്രത്യേക അസംബ്ലി. പ്രദർശന മാഗസിൻ പ്രകാശനം, കാലിഗ്രാഫി, പ്രസംഗം, അവതരണങ്ങൾ | | |

ജനുവരി 2026.

| | | | | |
|---|---|---|---|---|
| 01 | പുതുവർഷം. | 2025- വാർഷിക ക്വിസ്. | | |
| | പഠനയാത്ര | | | |
| 26 | റിപ്പബ്ലിക് ദിനം. | നൃത്താവിഷ്കാരം.<br>അംബേദ്കർ- പരിചയം.<br>ഇന്ത്യൻ ഭരണഘടന- ചർച്ച<br>ക്വിസ്- പതാക നിർമ്മാണം.<br>'ഒരൊറ്റ ഇന്ത്യ- ഒരൊറ്റ ജനത'<br>[illegible] [illegible] | PTA,<br>MTA. | |

ഫെബ്രുവരി 2026

| | | | | |
|---|---|---|---|---|
| 21 | മാതൃഭാഷാദിനം | ഭാഷാപ്രതിജ്ഞ<br>കവിതാ വായന.<br>കയ്യെഴുത്തു മാസിക പ്രകാശനം | | |
| 28 | ദേശീയ ശാസ്ത്രദിനം | ശാസ്ത്രജ്ഞരെ പരിചയപ്പെടൽ<br>പരീക്ഷണ മേള- സർവ്വതും<br>ശാസ്ത്രജ്ഞർ-<br>ശാസ്ത്രക്വിസ്. | | |
| | വിജ്ഞാനോത്സവം പ്രഖ്യാപനം | | | |

# മാർച്ച് 2025.

| | | | | |
|---|---|---|---|---|
| 21 | വനദിനം | | | |
| 22 | ജലദിനം | | | |
| 23 | കാലാവസ്ഥദിനം. | | | |